ഇതു കൂടാതെ സംസ്ഥാന സർക്കാർ ഭക്ഷ്യ സംസ്ക്കരണ മേഖലയെ ഊന്നൽ വ്യവസായത്തിൽപ്പെടുത്തി 15% മൂലധന സബ്സിഡിയായി പരമാവധി 15 ലക്ഷംരൂപവരെ നൽകി വരുന്നുണ്ട്.

ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങൾക്ക് ഗുണനിലവാര സർട്ടിഫിക്കേഷന് ടെക്നോളജി ഡവലപ്പ്മെന്റ് ഫണ്ടിൽനിന്നും 12% സബ്സിഡി നൽകാൻ വ്യവസ്ഥയുണ്ട്.

മേൽ ധനസഹായങ്ങൾ ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾക്കും ലഭ്യമാണ്.

(ഡി) അസംസ്കൃത വസ്തുക്കൾ അതാത് യൂണിറ്റുകൾ ലഭ്യമായ സ്രോതസ്സുകളിൽ നിന്നും കണ്ടെത്തുകയാണ്.

## സംസ്ഥാനത്തെ കശുവണ്ടി ഫാക്ടറികൾ

29 [1168] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആകെ എത്ര കശുവണ്ടി ഫാക്ടറികൾ ഉണ്ട്; ഇതിൽ പൊതുമേഖലയിൽ എത്ര; സ്വകാര്യ മേഖലയിൽ എത്ര; ഏതെല്ലാം;

(ബി) ഇതിൽ ഇപ്പോൾ പ്രവർത്തിക്കുന്നവ ഏതെല്ലാം; വിശദാംശം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ കീഴിൽ മുപ്പതു ഫാക്ടറികളും കാപ്പക്സിന്റെ കീഴിൽ പത്തു ഫാക്ടറികളും ഉണ്ട്. സ്വകാര്യ മേഖലയിലെ ഫാക്ടറികളുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) കോർപ്പറേഷന്റെ കീഴിലുള്ള ഫാക്ടറികൾ 25-8-2003 മുതൽ പ്രവർത്തനം പുനരാരംഭിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനം നടക്കുന്നില്ല. മറ്റു ഫാക്ടറികളെ സംബന്ധിച്ച വിവരം ശേഖരിച്ചുനൽകുന്നതാണ്.

## കാപ്പക്സിന്റെ കട ബാദ്ധ്യത

30 [1169] ശ്രീ. കെ. എൻ. എ. ഖാദർ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പക്സിന്റെ ബാദ്ധ്യത തീർക്കാൻ എത്ര കോടി രൂപയുടെ ധന സഹായമാണ് നൽകിയതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly